IV. റിപ്പോർട്ട് സമർപ്പണം

2002-ലെ കൂടൽമാണിക്യം ദേവസ്വം ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):* സർ, 2002-ലെ കൂടൽമാണിക്യം ദേവസ്വം ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

V. നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(1) 2005-ലെ കേരള കിസ്സാൻ പാസ് ബുക്ക് ബിൽ

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* 2005-ലെ കേരള കിസ്സാൻ പാസ് ബുക്ക് ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* 2005-ലെ കേരള കിസ്സാൻ പാസ് ബുക്ക് ബിൽ ഭൂനികുതിയും വനവും മൽസ്യബന്ധനവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി *(ശ്രീ. ബാബു ദിവാകരൻ):* സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* സർ, ഇത് വളരെ പ്രോഗ്രസീവ് ആയിട്ടുള്ള നിയമനിർമ്മാണമാണ്. ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുക്കുന്നത് അനായാസമാക്കുന്നതിനും ഉദാരമാക്കുന്നതിനും വേണ്ടിയുള്ള നിയമനിർമ്മാണമാണ്. ധനകാര്യസ്ഥാപനങ്ങളിൽനിന്ന് ഇപ്പോൾ വായ്പയെടുക്കാൻ വളരെ നിയന്ത്രണങ്ങളും പ്രയാസങ്ങളുമുണ്ട്. ഒന്നാമതായിട്ട് വായ്പയെടുക്കുന്ന ആളിന്റെ ഭൂമി സെക്യൂരിറ്റിയായിട്ട് പണയപ്പെടുത്തണം. ആ പണയപ്പെടുത്തിയതിനെ സംബന്ധിച്ച് അയാളുടെ പ്രമാണങ്ങൾ കൊണ്ടുപോയി രജിസ്റ്റർ ചെയ്യുകയാണ് ചെയ്യുന്നത്. പണയപ്പെടുത്തുമ്പോഴോ ബാദ്ധ്യത സൃഷ്ടിക്കുമ്പോഴോ അവരുടെ വസ്തു സംബന്ധിച്ച് അസ്സൽ പ്രമാണങ്ങൾ ധനകാര്യ സ്ഥാപനങ്ങൾക്ക് ഈടായി നൽകേണ്ടതും അസ്സൽ പ്രമാണം നഷ്ടപ്പെട്ടുപോയാൽ പത്രപ്രസിദ്ധീകരണംവഴി അത് അത്തരം സ്ഥാപനങ്ങളെ ബോദ്ധ്യപ്പെടുത്തേണ്ടതുമുണ്ട്. കൂടാതെ വസ്തുവിന്റെ എൻകംബറൻസ് സർട്ടിഫിക്കറ്റ് നൽകണം. ലൊക്കേഷൻ സർട്ടിഫിക്കറ്റും നൽകണം. ഇങ്ങനെയുള്ള പല നടപടിക്രമങ്ങളുണ്ട്. ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുക്കണമെന്നുണ്ടെങ്കിൽ അതുപോലെതന്നെ ഇത് രജിസ്റ്റർ ചെയ്യുന്നതിന് സ്റ്റാംപ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നീ ഇനങ്ങളിൽ ഭീമമായ

LIBRARY ARCHIVES Kerala Legislative Assembly

തുക ഇപ്പോൾ വഹിക്കേണ്ടതായിട്ടുണ്ട്. അതുപോലെ ഒഴിവുകുറി വയ്ക്കുമ്പോൾ തന്നെ വീണ്ടും സ്റ്റാംപ് ഡ്യൂട്ടി കൊടുക്കേണ്ടതായിട്ടുണ്ട്. ഇങ്ങനെയുള്ള പല നിബന്ധനകൾകൊണ്ട് ഇന്ന് ധനകാര്യസ്ഥാപനങ്ങളിൽനിന്ന് വായ്പയെടുക്കുന്നതിന് കൃഷിക്കാർക്ക് പൊതുവേ ബുദ്ധിമുട്ട് ഉണ്ടായിക്കൊണ്ടിരിക്കുന്ന സന്ദർഭമാണ്. അതിന് പരിഹാരമുണ്ടാക്കണം. മാത്രമല്ല, മലയോര കൃഷിക്കാരാണെങ്കിൽ അവർക്ക് ഒരു പ്രത്യേക ബുദ്ധിമുട്ടുകൂടിയുണ്ട്. മലയോരകൃഷിക്കാർക്ക് ഭൂമി പതിച്ചുകൊടുത്തിരിക്കുന്നത്, പിൻതുടർച്ചാവകാശം കിട്ടിയ ഭൂമി alienate ചെയ്യാൻ ഇപ്പോഴത്തെ വ്യവസ്ഥയനുസരിച്ചാണെങ്കിൽ അത് ബാങ്കിൽ പണയപ്പെടുത്തണം; അല്ലാതെ alienate ചെയ്യാൻ ഇന്ന് അവകാശമില്ല. അപ്പോൾ കൈമാറ്റം ചെയ്യാൻ അവകാശമില്ലാതെയാണ് മലയോരകൃഷിക്കാർക്ക് പട്ടയം നൽകിയിരിക്കുന്നത്. അവർക്ക് ധനകാര്യസ്ഥാപനങ്ങളിൽ അവരുടെ ഭൂമി പണയംവച്ച് വായ്പ കിട്ടാനുള്ള അവസരമില്ല. ആ നിലയ്ക്ക് ആലോചിക്കുമ്പോൾ പൊതുവേ വായ്പ എടുക്കുന്നവർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനും പ്രത്യേകിച്ച് മലയോരകൃഷിക്കാർ ഇന്ന് അനുഭവിക്കുന്ന ആ ദുഃഖങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിനുംവേണ്ടി ഒരു നിയമനിർമ്മാണം ഉണ്ടാക്കുന്നതിനുവേണ്ടിയാണ് കിസ്സാൻ പാസ് ബുക്ക് ബിൽ തയ്യാറാക്കിയിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ ഇതിന്റെ മൂന്നാമത്തെ വകുപ്പിൽ ഒരു കാര്യം പറയുന്നുണ്ട്. നിലവിൽ ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള നിരോധനങ്ങൾ എടുത്തുകളയുന്നതിന് വ്യവസ്ഥ ചെയ്യുന്നതാണ് മൂന്നാമത്തെ വകുപ്പ്. ആ നിലയ്ക്ക് വരുമ്പോൾ മലയോരകൃഷിക്കാരെ സംബന്ധിച്ചിടത്തോളം അവരുടെ ഭൂമി കൈമാറ്റം ചെയ്യാനുള്ള നിരോധനം എടുത്തുകളയാനായിട്ട് മൂന്നാമത്തെ വകുപ്പനുസരിച്ച് കഴിയും. മറ്റ് വകുപ്പുകളിലും അതിന് അധികാരം നൽകുന്നുണ്ട്. ഇതിലെ ആറാമത്തെ വകുപ്പാണ് പ്രധാനപ്പെട്ട വകുപ്പ്. Issue of Kissan Pass Book. മലയോര കൃഷിക്കാർക്ക് മാത്രമല്ല ഇത് പാസ്സായാൽ കേരളത്തിലെ എല്ലാ ആളുകൾക്കും ഇനി വായ്പയെടുക്കുന്നതിന് അവരുടെ ഭൂമി പണയം വയ്ക്കേണ്ട എന്നുള്ള നിലയിലേക്ക് വരികയാണ്. അതിന് പകരമായിട്ട് ഓരോ കൃഷിക്കാരനും ഒരു കിസ്സാൻ പാസ് ബുക്ക് നൽകുന്നുണ്ട്. ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് ഭൂമിയുടെമേലുള്ള അവകാശ രേഖയെ സംബന്ധിച്ച ഒരു നിയമമുണ്ട്. Record of Right Act എന്നു പറയുന്ന ഭൂരേഖാനിയമമുണ്ട്. ആ നിയമത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ റവന്യൂ ഓഫീസുകളിലും ഓരോ ഹോൾഡേഴ്സിനും ഓരോ ഭൂവുടമയ്ക്കും അവരുടെ വസ്തുക്കളെ സംബന്ധിച്ച വിവരങ്ങൾ റവന്യൂ വകുപ്പ് സൂക്ഷിച്ചുവച്ചിരിക്കുന്ന റെക്കോർഡുകളിലുണ്ട്. റെക്കോർഡ് ഓഫ് റൈറ്റ്സ് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് റവന്യൂ വകുപ്പ് ഓരോ ഭൂമിയെ സംബന്ധിച്ചുള്ള രേഖകൾ സൂക്ഷിച്ചുവച്ചിരിക്കുന്നത്. ആ രേഖയിൽനിന്നും ആവശ്യമായ എക്സ്ട്രാക്ട്സ് ഉൾപ്പെടുത്തികൊണ്ട് ഒരു പാസ് ബുക്ക് ഉണ്ടാക്കുകയാണ്. അതിനകത്ത് ഓരോ ഹോൾഡേഴ്സിന്റെയും വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കും. ഉദാഹരണത്തിന് എ-യ്ക്ക് പാസ് ബുക്ക് കൊടുക്കുകയാണെങ്കിൽ അതിനകത്ത് എ-യുടെ കൈവശമുള്ള വസ്തുവിന്റെ അവകാശം,

LIBRARY ARCHIVES Kerala Legislative Assembly

ഭൂമിയെ സംബന്ധിച്ച വിവരങ്ങൾ എല്ലാം ആ പാസ് ബുക്കിനകത്ത് നൽകുകയാണ്. അങ്ങനെയുള്ള ഒരു പാസ് ബുക്ക് എല്ലാപേർക്കും നൽകണമെന്നുള്ളതാണ് ആറാമത്തെ വകുപ്പ്. ഏഴാമത്തെ വകുപ്പിൽ എന്തെല്ലാം കാര്യങ്ങൾ പാസ് ബുക്കിൽ ഉണ്ടായിരിക്കണം എന്നതിനെ സംബന്ധിച്ചാണ്. എട്ടാമത്തെ വകുപ്പിൽ അതിന് നിയമപരമായിട്ടുള്ള പ്രാബല്യം നൽകുന്നതാണ്. അതിന് എവിഡൻസറി വാല്യൂ കൊടുക്കുന്നതാണ് ആ പാസ് ബുക്ക്. പതിനൊന്നാമത്തെ വകുപ്പിൽ ഈ പാസ് ബുക്ക് valid title ആയിട്ട് പരിഗണിക്കുന്നതാണെന്നുള്ള നിലയിൽ വീണ്ടും നിയമപരമായിട്ടുള്ള ഒരു പ്രാബല്യം ഈ പാസ് ബുക്കിന് കൊടുക്കുന്നു. അത് പതിനൊന്നാം വകുപ്പിൽ വീണ്ടും എടുത്തുപറയുകയാണ്. It will be treated as a valid title എന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്യുകയാണ്.

അതുപോലെതന്നെ ഈ പാസ് ബുക്കിൻമേൽ ഫൈനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസിൽനിന്നും കടം എടുക്കുമ്പോൾ ഈ പാസ് ബുക്ക് ബാങ്കിൽ ഹാജരാക്കിയാൽ മതി. അപ്പോൾ ബാങ്കുകാർ പാസ് ബുക്കിനകത്ത് കടം എടുത്തയാൾക്ക് ഇത്ര രൂപ വായ്പ കൊടുത്തിരിക്കുന്നു തുടങ്ങിയ കാര്യങ്ങളെല്ലാം എൻട്രി വരുത്തും. അത് രേഖപ്പെടുത്തിക്കഴിഞ്ഞാൽ അത് പണയം വയ്ക്കുന്നതിന് തുല്യമാണ്. ഇത് കഴിഞ്ഞിട്ട് ഈ വസ്തു alienate ചെയ്യണമെങ്കിൽ സബ് രജിസ്ട്രാർ ഓഫീസിൽ പോയാൽ മതി. വിൽക്കണമെന്നുണ്ടെങ്കിൽ ആ പാസ് ബുക്ക് ഹാജരാക്കിയാൽ ആ പാസ് ബുക്കിലെ എൻട്രി അവിടെ കിടപ്പുണ്ടായിരിക്കും. ആ പാസ് ബുക്ക് സബ്രജിസ്ട്രാർ ഓഫീസർ ഹാജരാക്കണമെന്ന് മാത്രമല്ല, ആ പാസ് ബുക്കിൽ ഉണ്ടായിരിക്കുന്ന ചാർജ് എൻട്രിയുടെ അടിസ്ഥാനത്തിൽ കൊടുത്തുതീർക്കേണ്ട തുക അയാൾ ഒന്നുകിൽ കൊടുത്തുതീർക്കണം, അല്ലെങ്കിൽ ബാദ്ധ്യത അടുത്ത വസ്തു വാങ്ങുന്ന ആളിലേക്ക്, സംക്രമിക്കുകയാണ്. ആ വസ്തുവിന്മേലുണ്ടായിരുന്ന ബാദ്ധ്യത അയാൾ കൊടുത്തുതീർക്കണം. കൊടുത്തുതീർത്തുകൊണ്ടേ അടുത്തതായിട്ടുള്ള പ്രമാണം രജിസ്റ്റർ ചെയ്യാൻ കഴിയൂ. ഈ പാസ് ബുക്കിനകത്ത് അയാളുടെ ബാദ്ധ്യത എന്താണെന്ന് കാണും. വാങ്ങുന്ന ആൾ ആ ബാദ്ധ്യത മനസ്സിലാക്കിക്കൊണ്ട്, ഒന്നുകിൽ ബാദ്ധ്യത തീർക്കണം, അല്ലെങ്കിൽ ബാദ്ധ്യത വാങ്ങിയ ആളിലേക്ക് സംക്രമിക്കും. ആ നിലയിൽ ഒരു പണയാധാരം ഇല്ലാതെ വായ്പ എടുക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുകയാണ് ഇതുകൊണ്ടുദ്ദേശിച്ചിട്ടുള്ളത്.

'അഗ്രിക്കൾച്ചറിസ്റ്റ്' എന്നുള്ള നിർവ്വചനത്തിൽ പറയുന്നത്, ഉടമസ്ഥൻ, പണയം വാങ്ങിയ ആൾ, പാട്ടത്തിന് ഭൂമി കൈവശം വച്ചിരിക്കുന്ന ആളുകൾ ഇവരെയൊക്കെ കൃഷിക്കാരന്റെ നിർവ്വചനത്തിൽ കൊണ്ടുവരികയാണ്. അതിന്റെ അർത്ഥം നിയമപ്രകാരമുള്ള ഉടമസ്ഥതയാകട്ടെ, നിയമപ്രകാരമുള്ള ലെസ്സി ആകട്ടെ, അങ്ങനെയുള്ള ആളുകളെ സംബന്ധിച്ചിടത്തോളം അവരുടെ ഉടമസ്ഥതയിലും കൈവശത്തിലുമുള്ള ഭൂമി ധനകാര്യസ്ഥാപനങ്ങളിൽ കൊണ്ടുപോയി പണയപ്പെടുത്തുന്നതിനു പകരം പാസ് ബുക്കിലേക്ക് ആ ബാദ്ധ്യത എന്റർ ചെയ്ത് അത് പണയാധാരം വച്ചാൽ നിയമപരമായി എത്രമാത്രം ബാദ്ധ്യത സൃഷ്ടിക്കപ്പെടുമോ അത്രയും ബാദ്ധ്യത ഈ എൻട്രികൊണ്ട് സൃഷ്ടിക്കപ്പെടുകയാണ്. ആ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

രീതിയിലുള്ള പാസ് ബുക്ക് ഡിസൈൻ ചെയ്യുന്നു. ഇതാണ് കിസ്സാൻ പാസ് ബുക്ക് എന്ന് പറയുന്നത്. ഈ പാസ് ബുക്ക് ആകുന്നതോടുകൂടി കേരളത്തിലെ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം അവർക്ക് പണയം വയ്ക്കാൻ രജിസ്ട്രേഷൻ ഫീസ് വേണ്ട. അതുപോലെ സ്റ്റാമ്പ് ഡ്യൂട്ടി കൊടുക്കേണ്ട. പ്രമാണങ്ങളെ സംബന്ധിച്ചുള്ള എല്ലാ ബുദ്ധിമുട്ടുകളും മാറ്റിക്കൊണ്ടുള്ള ഒരു സമ്പ്രദായം; 'ഗഹാൻ സമ്പ്രദായം' സഹകരണ ബാങ്കുകളെ സംബന്ധിച്ചിടത്തോളം ഉണ്ടാക്കിയിട്ടുണ്ട്. അതൊഴികെ മറ്റൊരു രംഗത്തും ഗഹാൻ സമ്പ്രദായം വന്നിട്ടില്ല. ഇപ്പോൾ ഇത് പാസ്സാകുന്നതോടുകൂടി കേരളത്തിലെ മുഴുവൻ കൃഷിക്കാർക്കും വസ്തു ഇടപാടുകൾ സുഗമമാകുന്നു എന്നുള്ളതാണ്. ഇത് ഞാൻ ചെയർമാനായിട്ടുള്ള നിയമപരിഷ്കരണ കമ്മിറ്റിയുടെ ഇങ്ങനെയൊരു നിയമം കൊണ്ടുവരണമെന്നുള്ള ശുപാർശയാണ്. അതിന്റെ അടിസ്ഥാനത്തിൽ മന്ത്രിസഭ ഇതിലേക്ക് ഒരു ബിൽ തയ്യാറാക്കി. ആ ബില്ലാണ് ഇന്ന് നിയമസഭയ്ക്കു മുമ്പാകെ വന്നിട്ടുള്ളത്.

ഈ ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഇത് വലിയ ചർച്ച ഇല്ലാതെതന്നെ സബ്ജക്ട് കമ്മിറ്റിയിലേക്ക് അയയ്ക്കാം. സബ്ജക്ട് കമ്മിറ്റി നാളെ ഉച്ചകഴിഞ്ഞ് 2.30-ന് കൂടാവുന്നതാണ്. ഇതിൽ യാതൊരു കോൺട്രവഴ്സിയുമില്ല. കേരളത്തിലെ മുഴുവൻ കൃഷിക്കാരെയും സഹായിക്കുന്നതിനുവേണ്ടി കൊണ്ടുവന്നിട്ടുള്ള ബില്ലാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, I move that The Kerala Kissan Pass Book Bill, 2005 be circulated for eliciting public opinion. ഇവിടെ ഞാൻ ഈ ബില്ലിനെ അനുകൂലിക്കുകയാണ്. ഇന്ന് കർഷകർക്ക് വായ്പ എടുക്കാനുള്ള പ്രയാസങ്ങൾ ലഘൂകരിക്കാനുള്ള ബില്ലാണ് അവതരിപ്പിച്ചിട്ടുള്ളത്; പ്രത്യേകിച്ച് ആദിവാസി മേഖലയിൽ. സംസ്ഥാന ഗവൺമെന്റ് ആദിവാസികൾക്ക് ഓരോ ഏക്കർ ഭൂമി നൽകാൻ തീരുമാനിച്ചിരിക്കുകയാണ്. ആ ഭൂമിക്കുപോലും അവർക്ക് കൈവശാവകാശം കൊടുക്കുന്നില്ല. അവർക്ക് ഓണർഷിപ്പ് റൈറ്റില്ല. ഇതുപോലെ ഗവൺമെന്റ് നൽകുന്ന ഭൂമിക്ക് ഉടമസ്ഥാവകാശം ഇല്ലാത്തതുമൂലം ആ ഭൂമി പണയപ്പെടുത്തി വായ്പ വാങ്ങാൻ സാധിക്കാത്ത ഒരു സാഹചര്യം കേരളത്തിലുണ്ട്. കിസ്സാൻ പാസ് ബുക്ക് നിയമം പാസ്സാകുന്നതോടുകൂടി ഉടമസ്ഥാവകാശം ഇല്ലെങ്കിലും ആ കൈവശഭൂമി പണയപ്പെടുത്താൻ സാധിക്കില്ലെങ്കിലും ആ കൈവശഭൂമിയുടെ അടിസ്ഥാനത്തിൽ വായ്പ വാങ്ങാനുള്ള അവകാശം ലഭിക്കുമെന്ന് മാത്രമല്ല നിലവിലുള്ള ധാരാളം സാങ്കേതികമായ നടപടിക്രമങ്ങൾ മറികടന്നുകൊണ്ട് വായ്പ ലഭിക്കാൻ സഹായകരമായ ഒരു സാഹചര്യം ഉണ്ടാക്കാൻ ഈ ബിൽ സഹായകമാകും.

എനിക്ക് ഒരു കാര്യം സൂചിപ്പിക്കാനുള്ളത്, വായ്പ വാങ്ങുന്നവരുടെ സ്ഥിതിയെന്താണ്? വായ്പ കിട്ടാനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നു. കഴിഞ്ഞ സഭയിൽ ശ്രീ. കെ. എം. മാണി കടാശ്വാസനിയമം അവതരിപ്പിച്ച് പാസ്സാക്കി. ഇന്ത്യയിൽ ആദ്യമായിട്ടാണ് കടാശ്വാസത്തിനുവേണ്ടി നിയമസഭയിൽ ബിൽ പാസ്സാക്കുന്നത്. കടാശ്വാസത്തിനുവേണ്ടി 50 കോടി രൂപ വകയിരുത്തിയിരുന്നു. ഞങ്ങൾ സഭയിൽ പറഞ്ഞു, 50 കോടി രൂപ പര്യാപ്തമാകുകയില്ല.

തുക വർദ്ധിപ്പിക്കണമെന്ന് പറഞ്ഞു. അപ്പോൾ മന്ത്രി പറഞ്ഞു, തുക പര്യാപ്തമല്ലെങ്കിൽ അപ്പോൾ ആലോചിക്കാമെന്ന്. ഫലത്തിൽ ഉണ്ടായത് ഈ ആനുകൂല്യം നൽകേണ്ട സഹകരണ ബാങ്കുകളുടെ നിഷേധസമീപനംമൂലം ആകെ ആശ്വാസം കൊടുത്തത് 14 കോടി രൂപയ്ക്ക് മാത്രമാണ്. കേരളത്തിലെ സഹകരണ ബാങ്കുകളിൽനിന്നും വായ്പ എടുത്ത നിരവധി കർഷകർക്ക് അർഹത ഉണ്ടായിട്ടും സാങ്കേതികമായ നൂലാമാലകളും തടസ്സങ്ങളും ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ സഹകരണ മേഖലയിൽ ബാങ്കുകൾ ഉണ്ടാക്കിയ തടസ്സങ്ങൾമൂലം ഗവൺമെന്റ് ആഗ്രഹിച്ച ആനുകൂല്യംപോലും കർഷകർക്ക് എത്തിയില്ല. ഇപ്പോൾ കേരളത്തിലെ കാർഷിക വികസന ബാങ്കുകൾ വ്യാപകമായി ജപ്തി ആരംഭിച്ചിരിക്കുകയാണ്. കഴിഞ്ഞ ദിവസം ഈ സഭയിൽ ശ്രീ. സി. ടി. അഹമ്മദ് അലി ഒരു ആവശ്യം ഉന്നയിക്കുകയുണ്ടായി. വായ്പ വാങ്ങിച്ചുകഴിഞ്ഞാൽ തിരിച്ചടയ്ക്കാനാവാത്ത ഒരു സാഹചര്യം ഇന്ന് കാർഷികരംഗത്തുണ്ട്. പല കാർഷി കോൽപ്പന്നങ്ങളുടെയും വിലത്തകർച്ചമൂലം കർഷകർ ബുദ്ധിമുട്ടനുഭവിക്കുക യാണ്. അങ്ങനെയുള്ള കർഷകർക്ക് വായ്പ ലഭിക്കാനുള്ള തടസ്സങ്ങൾ ലഘൂകരി ക്കുന്നതോടൊപ്പം വായ്പ തിരിച്ചടയ്ക്കാനും ഉദാരമായ വ്യവസ്ഥ ഉണ്ടാക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കണം. എനിക്ക് ഒരു കാര്യം ചൂണ്ടിക്കാണിക്കാനുള്ളത്, ഇന്ന് ജപ്തി ചെയ്യുമ്പോൾ ഒരു സാഹചര്യത്തിലും എന്തെല്ലാം ബാദ്ധ്യതകളുണ്ടെങ്കിലും കടങ്ങൾ ഉണ്ടെങ്കിലും ആ വ്യക്തിയുടെ വീടും വീട് ഉൾപ്പെടുന്ന 5 സെന്റ് ഭൂമിയും ജപ്തി ചെയ്യാൻ പാടില്ല. ഭൂരഹിതർക്ക് ഭൂമി കൊടുക്കുന്ന, അങ്ങനെ കൊടുക്കുമ്പോൾത്തന്നെ എന്തെല്ലാം സാഹചര്യത്തിൽ ഭൂമി പണയപ്പെടുത്തി വായ്പ എടുക്കുന്ന ആളുകൾ ഉണ്ട്. അവരുടെ ഭൂമി പണയപ്പെടുത്തി എടുത്താൽപ്പോലും ഭൂമി ജപ്തി ചെയ്യുമ്പോൾ ആ വ്യക്തിയുടെ വീട് ഉൾപ്പെടെയുള്ള 5 സെന്റ് ഭൂമി ജപ്തി ചെയ്യാൻ പാടില്ല. അത്തരത്തിലുള്ള നിയമങ്ങളും കേരളത്തിൽ ഉണ്ടാകണം. അല്ലെങ്കിൽ ഇന്ന് കർഷകൻ കാർഷിക മേഖലയിൽ പണം മുടക്കുന്നതിനുവേണ്ടി, എന്ത് സാഹചര്യത്തിലും പണയപ്പെടുത്തും. വായ്പ വാങ്ങും. വായ്പ വാങ്ങിച്ചുകഴിഞ്ഞാൽ കാർഷിക രംഗത്തുണ്ടാകുന്ന പ്രയാസംമൂലം വിലത്തകർച്ചമൂലം രണ്ടുവട്ടം കഴിയുമ്പോൾ അവന്റെ കിടപ്പാടംപോലും അന്യാധീനപ്പെട്ടുപോകുന്ന സാഹചര്യം ഉണ്ടാകാൻ പാടില്ല. എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്, ഈ കിസ്സാൻ പാസ് ബുക്ക് ബിൽ നിയമം ആകുമ്പോൾ ഞാൻ നേരത്തെ പറഞ്ഞതുപോലെ വായ്പ ലഭിക്കാനുള്ള സാഹചര്യം ലഘൂകരിക്കപ്പെടും. പക്ഷേ, അതിന്റെകൂടെത്തന്നെ ഇന്ന് കേരളത്തിലെ കാർഷികരംഗത്ത് കാർഷിക വികസന ബാങ്കുകളും മറ്റ് ദേശസാൽകൃത ബാങ്കുകളും ആരംഭിച്ചിട്ടുള്ള വ്യാപകമായ ജപ്തി നടപടികൾ, അത് ഉയർത്തുന്ന ആശങ്ക ദയവായി കാണാതെപോകരുത്. കടംകയറി ആത്മഹത്യ ചെയ്യുന്ന കർഷകരുടെ അംഗസംഖ്യ പെരുകി ക്കൊണ്ടിരിക്കുന്നു. കടംകയറി ധാരാളം കുടുംബങ്ങൾ ആത്മഹത്യ ചെയ്യുന്നു; കാരണം പണം മടക്കിക്കൊടുക്കാനുള്ള സാമ്പത്തികബുദ്ധിമുട്ടുകൊണ്ടാണ്. അതുകൊണ്ട് അന്യായമായി പലിശ ഈടാക്കുന്ന വ്യവസ്ഥയ്ക്ക്, ബ്ലെയ്ഡ് കമ്പനികൾ ഈടാക്കുന്ന ഈ അന്യായമായ പലിശയ്ക്ക് നിയമംമൂലം നിയന്ത്രണം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാക്കണം. സഹകരണ ബാങ്കുകൾ നൽകിയ വൺ ടൈം സെറ്റിൽമെന്റും അതുപോലെ പലിശ ഇളവും കുറച്ചുകൂടി ഉദാരമാക്കി വായ്പ അടയ്ക്കാൻ സഹായകരമായ സാഹചര്യമുണ്ടാക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കണം. അല്ലെങ്കിൽ വായ്പ വാങ്ങാനുള്ള സൗകര്യം പ്രയോജനപ്പെടുത്തി വായ്പ കൂടുതൽ വാങ്ങുകയും പിന്നീട് അതിന്റെ ഫലമായി അവൻ കടക്കെണിയിലാകുന്ന ദയനീയമായ സാഹചര്യമുണ്ടാകുകയും ചെയ്യും. ഈ ബിൽ പാസ്സാക്കുന്നതോടൊപ്പംതന്നെ കൃഷിക്കാർക്കാവശ്യമായ സംരക്ഷണം കൊടുക്കാനും ആവശ്യമായ കടാശ്വാസ നടപടികൾ സ്വീകരിക്കാനും ഗവൺമെന്റ് തയ്യാറാകണം.

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, '2005-ലെ കേരള കിസ്സാൻ പാസ് ബുക്ക് ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണ'മെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഏറ്റവും സ്വാഗതം ചെയ്യപ്പെടുന്ന ഒരു ബില്ലാണ് ബഹുമാനപ്പെട്ട റവന്യൂമന്ത്രി ഇവിടെ അവതരിപ്പിച്ചത്. കേരളത്തിലെ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഓണം വന്നാലും ഉണ്ണി പിറന്നാലും കോരന് കഞ്ഞി കുമ്പിളിൽത്തന്നെ എന്ന അവസ്ഥയാണ് ഇന്നും നിലനിൽക്കുന്നത്. കാരണം, എത്ര അദ്ധ്വാനിച്ചിട്ടും എത്ര മുതൽമുടക്കിയിട്ടും മെച്ചപ്പെട്ട ലാഭം കൃഷിക്കാരന് ഒരു മേഖലയിലും കിട്ടുന്നില്ല. മാത്രമല്ല, അവന്റെ രേഖയുടെ നൂലാമാലകളാണെങ്കിൽ ഒരുപാട് കെട്ടുപിണഞ്ഞുകിടക്കുകയാണ്. More Food More Grow എന്നതിന്റെ അടിസ്ഥാനത്തിൽ കുടിയേറിയ മലബാറിലെ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം വർഷങ്ങൾ കഴിഞ്ഞിട്ടും അവന്റെ ഭൂമിക്ക് നികുതി വാങ്ങാത്ത അവസ്ഥ ഇന്നും പല സ്ഥലത്തും നിലനിൽക്കുകയാണ്. ഞങ്ങളെപ്പോലുള്ള ആളുകൾ ഇത് പലപ്പോഴും ശ്രദ്ധയിൽപ്പെടുത്തിയിട്ടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും റവന്യൂമന്ത്രിയും കനിഞ്ഞിട്ടുപോലും കുറേയൊക്കെ ആളുകളുടെ സ്ഥലത്തിന്റെ നികുതി വാങ്ങാൻ കഴിഞ്ഞിട്ടുണ്ട്. പക്ഷേ, ഇന്നും അഞ്ച് സെന്റും പത്ത് സെന്റും ഒക്കെ ഭൂമി കൈവശമുള്ള ആളുകളെ സംബന്ധിച്ചിടത്തോളം അവന്റെ ഭൂമിക്ക് നികുതി വാങ്ങാത്ത ഒരുപാട് കേസുകളുണ്ട്. ഞങ്ങൾ റവന്യൂമന്ത്രിക്ക് നിവേദനം കൊടുക്കും, ഞങ്ങൾക്ക് മറുപടി കിട്ടി. ഞങ്ങൾ നിവേദനം സ്വീകരിച്ചു, ഡി.സി.ക്ക് അയച്ചിട്ടുണ്ട്. പക്ഷേ, ഡി.സി.യുടെ അവിടെനിന്നും ഇതൊന്നും നീങ്ങാറില്ല. അവിടെ ഇത് കെട്ടിക്കിടക്കുകയാണ്. ഡിസ്ട്രിക്ട് കളക്ടർമാരുടെ ഓഫീസിൽ ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കുന്നില്ല. അതുകൊണ്ട് കർഷകപ്രേമിയായ ബഹുമാനപ്പെട്ട മന്ത്രി, ഈ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഭൂമി ഒരു ഏക്കറിൽ താഴെയാണെങ്കിൽ വല്ല നിലയ്ക്കും ആരെങ്കിലും വാങ്ങാൻ വന്നാൽത്തന്നെ 10,000 രൂപപോലും കിട്ടാത്ത ഈ സ്ഥലങ്ങളിലെ പാവപ്പെട്ട കൃഷിക്കാർക്ക് പട്ടയം കൊടുക്കാൻ കഴിഞ്ഞാലേ ഈ കിസ്സാൻ പാസ് ബുക്കിന്റെ ഒക്കെ ഗുണം ലഭിക്കൂ എന്നു മാത്രമാണ് വിനയപൂരസ്സരം അങ്ങയോട് ഞങ്ങൾക്ക് അഭ്യർത്ഥിക്കാനുള്ളത്. എല്ലാ മനുഷ്യർക്കും വീട് കൊടുക്കുക, സ്ഥലം കൊടുക്കുക എന്നത് ഒരു പുരോഗമന

ജനാധിപത്യഗവൺമെന്റിന്റെ ബാദ്ധ്യതയാണ്. ആ ബാദ്ധ്യതയിൽനിന്ന് ഒളിച്ചോടിയിട്ടു കാര്യമില്ല. അനാവശ്യമായി വനം വകുപ്പ് അവിടെ തടസ്സങ്ങൾ സൃഷ്ടിക്കുന്നു. അനാവശ്യമായി വനം വകുപ്പ് തടസ്സങ്ങൾ സൃഷ്ടിക്കുമ്പോൾ ഞങ്ങളൊക്കെ വനം കയ്യേറ്റക്കാരുടെ കൂടെ നിൽക്കുന്നു എന്ന അർത്ഥത്തിലല്ല.

ശ്രീ. എ. കെ. മണി: ഇതിൽ അങ്ങയുടെയും എന്റെയും മണ്ഡലമുണ്ട്. ഏറ്റവും കൂടുതൽ ആദിവാസികളുള്ള സ്ഥലമാണ്. ഈ ആദിവാസികളുടെ കയ്യിലുള്ള ഭൂമിക്ക് ഒന്നും പട്ടയം ഇതുവരെ സർക്കാർ കൊടുത്തിട്ടില്ല. അഥവാ ഉണ്ടെങ്കിലും ഭൂമി കൈമാറാൻ പറ്റില്ല എന്ന് 1975-ലെ നിയമത്തിലുണ്ട്. കിസ്സാൻ പാസ് ബുക്ക് introduce ചെയ്യുന്ന ഈ സാഹചര്യത്തിൽ ആദിവാസികളുടെ കയ്യിലുള്ള ഭൂമിക്കുകൂടി കിസ്സാൻ പാസ് ബുക്ക് കൊടുക്കുകയും അവർക്ക് അവരുടെ ആവശ്യങ്ങൾ നിറവേറ്റാൻവേണ്ടി ബാങ്കുകളിൽ ഈടുവയ്ക്കാൻവേണ്ടിയുള്ള നിയമംകൂടി ഇതിനകത്ത് ഉൾപ്പെടുത്തേണ്ടതല്ലേ?

ശ്രീ. കളത്തിൽ അബ്ദുള്ള: തീർച്ചയായും മെമ്പറുടെ ആവശ്യം ഇതിൽ ഉൾപ്പെടുത്തേണ്ടതാണ്. പരിമിത കർഷകർക്കും നാമമാത്ര കർഷകർക്കുംവേണ്ടി വാദിക്കുമ്പോൾ പലപ്പോഴും ഭൂസ്വാമിമാരുടെ ഏജന്റുമാരാണെന്ന് കളിയാക്കാറുണ്ട്. ഞാനും ശ്രീ. എ. കെ. മണിയുമൊക്കെ പുസ്തകത്തിൽനിന്നു വായിച്ച് കർഷകരുടെ പ്രശ്നങ്ങൾ പ്രസംഗിക്കുന്ന ആളുകളല്ല. ഞങ്ങൾക്ക് ജീവഗന്ധിയായ ഒരുപാട് അനുഭവങ്ങളുണ്ട്. ഏറ്റവും നിരക്ഷരർ തിങ്ങി താമസിക്കുന്ന നിയോജകമണ്ഡലം, ഏറ്റവും കൂടുതൽ റോഡുകൾ പൊട്ടിപ്പൊളിഞ്ഞ നിയോജകമണ്ഡലം, ഭൂവിസ്തൃതിയാണെങ്കിൽ 300 കിലോമീറ്റർ മാത്രമാണ് എന്റെയും ശ്രീ. മണിയുടെയും മണ്ഡലത്തിന്റേത്. അഞ്ച് കാലാവസ്ഥയാണ് എന്റെ നിയോജകമണ്ഡലത്തിലുള്ളത്. തേയിലത്തോട്ടമുണ്ട്, മരുഭൂമിയുമുണ്ട്. അത്തരം പ്രദേശങ്ങളിലൊക്കെ വർഷങ്ങൾക്കുമുൻപ് തെക്കൻ തിരുവിതാംകൂറിൽനിന്ന് കുടിയേറിവന്ന മനുഷ്യർ കപ്പയും അതുപോലെ വാഴയുമൊക്കെ വച്ചാൽത്തന്നെ കാട്ടുപന്നിയുടെയും കാട്ടാനയുടെയുമൊക്കെ ശല്യത്തിൽനിന്ന് രക്ഷ കിട്ടിയാൽ അവർക്ക് വർഷത്തിൽ പട്ടിണി മാറ്റാൻ കുറച്ച് അരി വാങ്ങാൻ കിട്ടുന്ന വരുമാനമുള്ള ഭൂമിക്ക് പട്ടയം കൊടുക്കുന്ന കാര്യത്തിലുള്ള നിസ്സംഗത അവസാനിപ്പിക്കാൻ ബഹുമാനപ്പെട്ട റവന്യൂമന്ത്രി മുന്നോട്ടുവരികയും യുദ്ധകാലാടിസ്ഥാനത്തിൽ ഈ യു.ഡി.എഫ്.ന്റെ പീരിയഡിൽത്തന്നെ ഇതിനുള്ള നടപടികളുമായി മുന്നോട്ടുപോയാൽ മാത്രമേ നമ്മൾ ഉദ്ദേശിക്കുന്ന കിസ്സാൻ പാസ് ബുക്കിന്റെ കാര്യത്തിൽ പ്രായോഗികമായ നടപടിയുണ്ടാകൂ എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. സത്യത്തിൽ നമ്മൾ വളരെയധികം ബഹുമാനിക്കുന്ന ഒരു ഗവൺമെന്റാണിത്. കാരണം, 2000 ഡിസംബറിൽ 24 രൂപയായിരുന്നു ഒരു കിലോ റബ്ബറിന്. അത് ഇന്ന് 60 രൂപയാണ്. അഭിമാനത്തോടുകൂടി ഞങ്ങളുടെ ഗവൺമെന്റിനെ പുകഴ്ത്തുന്നതിൽ യാതൊരു മടിയുമില്ല. നാളികേര കർഷകന് നാല് രൂപയെങ്കിലും ഒരു നാളികേരത്തിന് കിട്ടുന്ന അവസ്ഥയുണ്ടാക്കിയിട്ടുണ്ട്. അങ്ങനെ കാർഷിക മേഖലയിലും എല്ലാ മേഖലയിലും ഒരു നവോന്മേഷം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെ നാളികേര വികസനത്തിന് 1924 കോടി രൂപയാണ് കേന്ദ്ര ഗവൺമെന്റിൽനിന്ന് പിടിച്ചുവാങ്ങി സമർത്ഥയായ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരിയമ്മ ഇവിടെ കൊണ്ടുവന്നത്. പക്ഷേ, പലപ്പോഴും ഇതൊന്നും പത്രമാധ്യമങ്ങളിൽ വരുന്നില്ല, വേണ്ടത്ര പ്രചരണം ഇതിന് കിട്ടുന്നില്ല. നാളികേര കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഇവിടെ വരൾച്ചയുണ്ട്. നമ്മൾ വരൾച്ചയ്ക്കുവേണ്ടി കോടികൾ ചെലവാക്കുന്നു. സത്യത്തിൽ തെങ്ങിന്റെ തടം തുറന്ന് ആ തെങ്ങിൽ വീഴുന്ന വെള്ളം തടത്തിൽത്തന്നെ വീണാൽ നമ്മുടെ വരൾച്ചയ്ക്ക് ശാശ്വതമായ പരിഹാരമുണ്ടാക്കാൻ കഴിയും. പക്ഷേ, എങ്ങനെയാണ് നാളികേര കർഷകൻ ഒരു കൂലിക്കാരനെ വിളിക്കുക? 150 രൂപയാണ് കൂലി. 150 രൂപ കൂലി കൊടുത്തുകൊണ്ട് ഒരു ദിവസം 10 തെങ്ങിന്റെ തടം മാത്രമേ തുറക്കാൻ കഴിയൂ. മാത്രമല്ല, പതിനഞ്ചോ ഇരുപതോ കോടി രൂപയുടെ രാസവളം ഇടണം, ജൈവവളമാണെങ്കിൽ 30 രൂപയുടെ ഇടണം. കാലിവളമാണെങ്കിൽ വീണ്ടും ഇടണം. അങ്ങനെ 100 രൂപ ഒരു തെങ്ങിന് ചെലവാക്കിയാൽ കിട്ടുന്ന വരുമാനം എത്രയാണ്? കേവലം 150 രൂപ ഒരു വർഷം കിട്ടുമോ? ഈ സാഹചര്യത്തിൽ നാളികേര കൃഷിക്കാരെ സഹായിക്കണ്ടേ? അതുപോലെ നെൽക്കൃഷിയുടെ കാര്യത്തിലും ഈ ഗവൺമെന്റ് എടുത്ത നിലപാടിനെ ആർക്കാണ് സ്വാഗതം ചെയ്യാൻ കഴിയാതിരിക്കുക? കാരണം, നെല്ല് സംഭരിച്ചതിന് മുഴുവൻ ഹാന്റ്‌ലിംഗ് ചാർജും 1996 മുതൽ 1997 വരെ ഈ ഗവൺമെന്റ് കൊടുത്തുതീർത്തു. അതുപോലെതന്നെ 17 കോടി രൂപയുടെ നെല്ല് സംഭരിച്ചു. ഇതൊക്കെ ചെയ്താലും കൃഷിമേഖലയിലെ പ്രശ്നം ഗുരുതരമാണ്. ഈ സാഹചര്യത്തിൽ റെക്കാർഡിന്റെ മൂലാമാലകൾ ഇല്ലാതെ, മറ്റ് കാര്യങ്ങളില്ലാതെ ഭൂമിക്ക് ലോൺ കിട്ടുന്ന ഒരു സംവിധാനം ഉണ്ടാക്കാൻ കിസ്സാൻ പാസ് ബുക്ക് ഉണ്ടാക്കുകയാണ് ഏറ്റവും നല്ലത്. നമ്മൾ ഒരു പ്രമാണം രജിസ്റ്റർ ചെയ്താൽ ജമദനി എന്ന ഒരു ഫോം വില്ലേജ് ഓഫീസിൽ കൊടുക്കും. ഇത് വില്ലേജ് ഓഫീസിൽ രേഖപ്പെടുത്തിയാൽ ഉണ്ടോ ഇല്ലയോ എന്നുമാത്രമേ അറിയുകയുള്ളു. നേരേമറിച്ച് തീർച്ചയായും നമ്മുടെ സ്ഥലങ്ങളുടെ കൈമാറ്റം രേഖപ്പെടുത്താനും അതുപോലെതന്നെ നമ്മൾ എവിടെനിന്ന് ലോണുകൾ എടുത്തു എന്ന് അറിയാനും കഴിയും. ഈ കിസ്സാൻ പാസ് ബുക്ക് എവിടെ കൊണ്ടുപോയാലും അതിന് യാതൊരു പ്രമാണങ്ങളുടെയും പിൻബലമില്ലാതെ കിസ്സാൻ പാസ് ബുക്കിന്റെ മാത്രം പിൻബലത്തോടുകൂടി കാര്യങ്ങൾ നടക്കും. ഈ സംരംഭം കൊണ്ടുവരാൻ മുന്നോട്ടുവന്ന മന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. അതോടൊപ്പംതന്നെ പലപ്പോഴും പാവപ്പെട്ട കൃഷിക്കാരുടെ കണ്ണീരൊപ്പാൻ മുന്നോട്ടുവരുന്ന രണ്ട് മന്ത്രിമാരാണ് ബഹുമാനപ്പെട്ട ഗൗരിയമ്മയും കെ. എം. മാണിയും. അവരെപ്പോലുള്ള ആളുകളോട് ഞങ്ങൾക്ക് പറയാനുള്ളത്, സഹകരണ മേഖലയെ സംബന്ധിച്ചാണ്. സഹകരണ മേഖലയിൽനിന്ന് പലപ്പോഴും കൃഷിക്കാർ ലോൺ എടുക്കുമ്പോഴുണ്ടാകുന്ന സ്ഥിതി എന്താണ്? ഞങ്ങളെ സമീപിക്കുമ്പോൾ ഒരു നല്ല ചിരി കൊടുക്കുകയല്ലാതെ അവർക്ക് ഒരു ഗഡു വാങ്ങിക്കൊടുക്കാൻ ഞങ്ങൾക്ക് കഴിയുന്നില്ല. സഹകരണം ജനങ്ങൾക്ക് വേണ്ടിയുള്ള വകുപ്പല്ലേ? പക്ഷേ, കേരള ഗവൺമെന്റിന്റെ സഹകരണ വകുപ്പിൽ നിന്ന് ലോൺ എടുത്താൽ അവന് ജപ്തിയല്ലാതെ വേറെ എന്തെങ്കിലും മാർഗ്ഗമുണ്ടോ? മൂന്ന് വർഷം മുൻപ് നാളികേരത്തിന് രൂക്ഷമായ വരൾച്ചയുണ്ടായി. മൂന്ന് കൊല്ലം മുൻപുള്ള തെങ്ങിന്റെ ശുശ്രൂഷയാണ് മൂന്നാം കൊല്ലം തെങ്ങിൽനിന്ന്

നമുക്ക് കിട്ടുക. ഈ സാഹചര്യത്തിൽ തെങ്ങിനുണ്ടായ വരൾച്ച, എല്ലാ മേഖലയിലും ഉണ്ടായ വരൾച്ച യുദ്ധകാലാടിസ്ഥാനത്തിൽ കൈകാര്യം ചെയ്തു. എന്റെ നിയോജകമണ്ഡലത്തിൽ അട്ടപ്പാടിയിൽ മാത്രം 7,000 വീടുകൾക്ക് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രിയുടെ വകുപ്പിൽനിന്ന് സഹായം കൊടുത്തു. പക്ഷേ, സംഭവം എന്താണ്? സഹകരണ ബാങ്കിൽനിന്ന് ലോൺ എടുത്താൽ, എ.ഡി.ബി.യിൽനിന്ന് ലോൺ എടുത്താൽ എന്താണ് സ്ഥിതി? തിരിച്ചടയ്ക്കാൻ കഴിയുമോ? എത്ര ഇരട്ടി പലിശ കൊടുക്കേണ്ട അവസ്ഥയാണ്? അതുകൊണ്ടുതന്നെ കേരളത്തിൽ ഈ ഗവൺമെന്റ് സഹകരണ മേഖലയിലുണ്ടായ ജപ്തി നടപടികൾ നിർത്തിവയ്ക്കുകയും ഈ രംഗത്ത് 10 സെന്റും 25 സെന്റുമുള്ള ആളുകളുടെ ഇരിപ്പിടം (വീടും സ്ഥലവും) ജപ്തി ചെയ്യാതിരിക്കുകയും പലിശ താഴ്ത്തിക്കൊണ്ടുവരികയും ചെയ്യണം. സർക്കാർ വൺ ടൈം സെറ്റിൽമെന്റ് കൊടുത്തതുപോലെ ബാങ്കുകളും ഇക്കാര്യത്തിൽ കൊടുക്കണം. എന്നാൽ മാത്രമേ ഈ കിസ്സാൻ പാസ് ബുക്കുകൊണ്ട് ഗുണം കിട്ടുകയുള്ളൂ. പുറമ്പോക്ക് ഭൂമിക്ക് പട്ടയം കൊടുക്കുന്ന കാര്യത്തിൽ ഇന്നും അനിശ്ചിതത്വമുണ്ട്. ബഹുമാനപ്പെട്ട കെ. ഇ. ഇസ്മയിൽ മന്ത്രിയായിരുന്ന കാലത്ത് കൈവശരേഖ കൊടുത്തു. അതുപോലെ മാണിസാറും കൈവശരേഖ കൊടുത്തു. അതൊന്ന് പട്ടയമാക്കി കൊടുത്ത് ഇവർക്ക് തങ്ങളുടെ മക്കൾക്കുകൂടി പിൻതുടർച്ചയായി ആ പുറമ്പോക്ക് ഭൂമി ഉപയോഗപ്പെടുത്താൻ കഴിഞ്ഞാൽ വളരെ ഗുണപ്രദമാകും. പ്രത്യേകിച്ച് അങ്ങനെയുള്ള പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന ആളുകളുടെ പട്ടയപ്രശ്നം കേരളത്തിൽ നിരവധിയുണ്ട്. അത് യുദ്ധകാലാടിസ്ഥാനത്തിൽ കൈകാര്യം ചെയ്യണം. പിന്നീട് ആദിവാസിമേഖല, എന്റെ നിയോജകമണ്ഡലത്തിൽ 25,000-ത്തോളം ആദിവാസികളുണ്ട്. ആ പാവപ്പെട്ട മനുഷ്യരെ സംബന്ധിച്ച്, വിശുദ്ധൻമാരായ മനുഷ്യരെ സംബന്ധിച്ച്, പച്ചമനുഷ്യരെ സംബന്ധിച്ച്, കളവ് എന്താണെന്നറിയാത്ത മനുഷ്യരെ സംബന്ധിച്ച്, നമ്മുടെ വാക്കുകൾ മാത്രം വേദവാക്യമായി കാണുന്ന ആ മനുഷ്യരെ സംബന്ധിച്ച് അവരുടെ ഭൂമിക്ക് ഇന്നും പലയിടത്തും പട്ടയമോ കൈവശരേഖയോ ഇല്ല. അതുകൊണ്ട് ആദിവാസി മേഖലകളിലുള്ള ആളുകളുടെ ഭൂമിക്ക് അടിയന്തിരമായി കിസ്സാൻ പാസ് ബുക്കും പട്ടയവും കൊടുക്കാനുള്ള നടപടികളുണ്ടാകണം. തീർച്ചയായും കൃഷിക്കാരെ സംബന്ധിച്ചിടത്തോളം വളരെ സ്വാഗതാർഹമായ ഒരു ബില്ലാണിത്. ഇത് കാലവർഷക്കെടുതി അടക്കമുള്ള കാര്യങ്ങൾക്ക് സഹായമാകും. പലപ്പോഴും, കാലവർഷമുണ്ടാകുമ്പോൾ പാട്ടത്തിന് ഭൂമി എടുത്ത് വാഴക്കൃഷിയൊക്കെ നടത്തുന്ന ആളുകളെ സംബന്ധിച്ചിടത്തോളം ഈ ബിൽ വന്നാൽ അവർക്ക് ഗുണകരമായിരിക്കും. ഏതായാലും ഈ ബിൽ വായിച്ചപ്പോൾ ജനങ്ങൾക്കുവേണ്ടി, കൃഷിക്കാർക്കുവേണ്ടി നൂലാമാലകളില്ലാതെ, ഇടത്തട്ടില്ലാതെ, അവരുടെ കയ്യിൽനിന്ന് സാമ്പത്തികചെലവില്ലാതെ ഈ ബിൽ കേരളത്തിൽ കൊണ്ടുവന്ന ബഹുമാനപ്പെട്ട റവന്യൂമന്ത്രി എന്നും കാലത്തിന്റെ ചരിത്രത്തിൽ വെള്ളിനക്ഷത്രമായി തിളങ്ങുമെന്നു മാത്രം പറഞ്ഞുകൊണ്ട് ഈ ബില്ലിനെ ഞാൻ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* സർ, കിസ്സാൻ പാസ് ബുക്കിന്റെ ഉറപ്പിന്മേൽ ബാങ്കിൽനിന്നു വായ്പ ലഭ്യമാക്കുകയാണ് ഈ ബില്ലിന്റെ ലക്ഷ്യം. ഈ ബിൽ പാസ്സാക്കിക്കഴിഞ്ഞാൽ, ശ്രീ. എ. കെ. മണി

12 Noon] വളരെ പ്രസക്തമായ ഒരു ചോദ്യം ചോദിക്കുകയുണ്ടായി. ഈ കിസ്സാൻ പാസ് ബുക്കിൽനിന്ന് എസ്.സി./എസ്.ടി. വിഭാഗങ്ങളെ ഒഴിച്ചുനിർത്തി എന്നു പറഞ്ഞു. സത്യത്തിൽ പറഞ്ഞാൽ ഈ ബില്ലിനകത്ത് നാലാമത്തെ വകുപ്പിൽ പ്രൊവൈസോയിൽ അവരെ ഇതിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. പക്ഷേ, ഇവിടെ ശ്രീ. എ. കെ. മണി പറഞ്ഞത് അവരെക്കൂടി ഉൾപ്പെടുത്തി അവർക്കുകൂടി ഇതിന്റെ പ്രയോജനം കൊടുക്കണമെന്നാണ്. നമുക്ക് വേണമെങ്കിൽ സബ്ജക്ട് കമ്മിറ്റിയുടെ സ്റ്റേജിൽ ആലോചിക്കാം. എന്റെ അഭിപ്രായത്തിൽ കുഴപ്പമില്ല. കാരണം, ഇത് ഭൂമി, അന്യാധീനം ചെയ്ത് മറ്റൊരാൾക്ക് വിൽക്കുന്നതിനുവേണ്ടിയുള്ള നിയമമല്ല. എസ്.സി./എസ്.ടി.യുടെ കൈവശമുള്ള ഒരു ഭൂമി, ആദിവാസികൾക്ക് കൊടുത്ത ഭൂമി, വേറൊരാൾക്ക് വിൽക്കുന്നു എന്ന ഭയപ്പാടുള്ളതുകൊണ്ടാണ് നമ്മൾ അത് Alienate ചെയ്യാൻ പാടില്ല എന്നു പറഞ്ഞിരിക്കുന്നത്. ഈ നിയമം എന്നു പറയുന്നത് ഈ ഭൂമി ധനകാര്യസ്ഥാപനങ്ങളിൽ ഈടുവച്ച് വായ്പ എടുക്കുമ്പോൾ ഈടു വയ്ക്കുന്നതിനു പകരമുള്ള ഒരു സംവിധാനം എന്ന നിലയ്ക്കാണ് ഈ പാസ് ബുക്ക്. അതുകൊണ്ട് ആദിവാസികളുടെ കൈവശമുള്ള ഭൂമി ആയാലും ധനകാര്യസ്ഥാപനങ്ങളിൽനിന്നു വായ്പ എടുക്കുന്നതിനുവേണ്ടി കിസ്സാൻ പാസ് ബുക്ക് നമ്മൾ തയ്യാറാക്കുമ്പോൾ ആദിവാസികൾക്കുകൂടി ഇതിന്റെ പ്രയോജനം കൊടുക്കുന്നതിൽ തെറ്റില്ല. ആ പർട്ടിക്കുലർ പർപ്പസിനുവേണ്ടി ആ ഭൂമി കിസ്സാൻ പാസ് ബുക്ക് സമ്പ്രദായത്തിൽ ആദിവാസികളുടെ ഭൂമികൂടി ഉൾപ്പെടുത്തിയാൽ കുഴപ്പമില്ല എന്ന് എനിക്ക് ഇപ്പോൾ തോന്നുന്നുണ്ട്. സബ്ജക്ട് കമ്മിറ്റിയുടെ സ്റ്റേജിൽ നമുക്ക് അത് പരിശോധിക്കാവുന്നതാണ്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ
ശ്രീ. പി. ജെ. ജോയി]

മി. ചെയർമാൻ: ബഹുമാനപ്പെട്ട ശ്രീ. കെ. സി. ജോസഫ് അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. സി. ജോസഫ്: ഇല്ല.

മി. ചെയർമാൻ: ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മി. ചെയർമാൻ: ശ്രീ. കളത്തിൽ അബ്ദുള്ള അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കളത്തിൽ അബ്ദുള്ള: ഇല്ല.

മി. ചെയർമാൻ: ശ്രീ. കളത്തിൽ അബ്ദുള്ള അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: 2005-ലെ കേരള കിസ്സാൻ പാസ് ബുക്ക് ബിൽ ഭൂനികുതിയും വനവും മൽസ്യബന്ധനവും സംബന്ധിച്ച് II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നുവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു, ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(2). 2004-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* സർ, 2004-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. ചെയർമാൻ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* സർ, 2004-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ ഭൂനികുതിയും വനവും മൽസ്യബന്ധനവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും കയറും വകുപ്പുമന്ത്രി *(ശ്രീമതി കെ. ആർ. ഗൗരിയമ്മ):* സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* സർ, ഇവിടെ കശുമാവിൻതോട്ടങ്ങളെ മുൻകാലങ്ങളിൽ ഭൂപരിധി വ്യവസ്ഥയിൽനിന്നു ഒഴിവാക്കി അവയ്ക്ക് പ്ലാന്റേഷൻ സ്റ്റാറ്റസ് നൽകിയിരുന്നു. എന്നാൽ 1970-ൽ കശുമാവിനെ ഭൂപരിധി നിയമത്തിൽ കൊണ്ടുവരികയും അവയുടെ പ്ലാന്റേഷൻ സ്റ്റാറ്റസ് എടുത്തുകളയുകയും ചെയ്യുകയാണ് യഥാർത്ഥത്തിൽ ഉണ്ടായത്. ഇത് വാസ്തവത്തിൽ പറഞ്ഞാൽ ഈ കഴിഞ്ഞകാല അനുഭവങ്ങൾ നമ്മൾ നോക്കുമ്പോൾ, 1970 മുതൽ ഇന്നുവരെയുള്ള അനുഭവങ്ങൾ നോക്കുമ്പോൾ, കശുമാവിന് പ്ലാന്റേഷൻ സ്റ്റാറ്റസ് കൊടുക്കാതിരുന്നതുകാരണം കശുവണ്ടിയുടെ ഉൽപ്പാദനത്തെ ഇത് സാരമായി ബാധിച്ചിട്ടുണ്ട്. കശുവണ്ടിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കണമെന്നുണ്ടെങ്കിൽ ഇതിന് പ്ലാന്റേഷൻ സ്റ്റാറ്റസ് കൊടുത്തുകൊണ്ട് ഈ കൃഷിയെ പ്രോൽസാഹിപ്പിക്കേണ്ടത് ആവശ്യമാണെന്നു തോന്നുകയാണ്. ഞാൻ അതിന് ഒരു ഉദാഹരണം പറയട്ടെ. നമുക്കിവിടെ കേരളത്തിൽ ഇപ്പോൾ 300-ഓളം കശുവണ്ടി ഫാക്ടറികളുണ്ട്. ഇതിന് ആവശ്യമായിവരുന്ന കശുവണ്ടി 10 ലക്ഷം മെട്രിക് ടണ്ണാണ്. നമ്മുടെ കശുവണ്ടി ഫാക്ടറിയിലെ തൊഴിലാളികൾക്ക് ജോലി കൊടുക്കണം. ഈ ഫാക്ടറികൾ പ്രവർത്തിപ്പിക്കണമെന്നുണ്ടെങ്കിൽ 10 ലക്ഷം മെട്രിക് ടൺ കശുവണ്ടി ഇവിടെ ആവശ്യമാണ്. പക്ഷേ, ഇന്ത്യയിലാകെ ഉൽപ്പാദിപ്പിക്കുന്ന കശുവണ്ടിയെന്നു പറയുന്നത് 5 ലക്ഷം മെട്രിക് ടൺ മാത്രമാണ്. കേരളത്തിൽ

LIBRARY ARCHIVES Kerala Legislative Assembly